**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 115** | **07-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പ്രാപ്യതയുടെയും ഗുണനിലവാരത്തിന്റെയും കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മികവ് പുലർത്താൻ കഴിയുന്ന തരത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ; | (എ) | പ്രാപ്യതയുടെയും ഗുണനിലവാരത്തിന്റെയും കാര്യത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ സർക്കാർ ഒട്ടേറെ മാതൃകാപരമായ ഇടപെടലുകൾ നടത്തി. ഒരേ സമയം ഭൗതികവും അക്കാദമികവുമായ മേഖലകളെ ശക്തിപ്പെടുത്തിക്കൊണ്ടാണ് ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. |
| (ബി) | 2022-ലെ അസെർ (റൂറൽ) റിപ്പോർട്ട് പ്രകാരം 6-14 പ്രായത്തിലുള്ള എല്ലാ കുട്ടികളെയും സ്കൂളിലെത്തിക്കാൻ സംസ്ഥാനത്തിനായിട്ടുണ്ടോ; ഇനിയും സ്കൂളിലെത്താത്ത 0.1 ശതമാനം കുട്ടികളെ കൂടി സ്കൂളിലെത്തിക്കാൻ പ്രത്യേക യത്നം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | അസെർ റിപ്പോർട്ട് (Annual Status of Education Report) വിശദമായി പഠിച്ചുകൊണ്ടിരിക്കുന്നു. ഏതൊക്കെ മേഖലയിലാണ് ഇനിയും കുട്ടികൾ സ്കൂളിൽ എത്താൻ ഉള്ളതെന്ന് കണ്ടെത്തി പരിഹരിക്കുന്നതിന് അടിയന്തര ഇടപെടലുകൾ നടത്തുന്നതാണ്. |
| (സി) | സ്കൂളുകളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനും എല്ലാ സ്കൂളുകളിലും കുടിവെള്ളം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഉപയോഗയോഗ്യമായ ടോയ്‌ലെറ്റ് ഏർപ്പെടുത്തുന്നതിനും പ്രത്യേകം പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിദ്യാകിരണം പദ്ധതിയിലൂടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതോടൊപ്പംതന്നെ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ചുകൊണ്ട് സർക്കാർ സ്കൂളുകളുടെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്നു.<br><br>സമഗ്ര ശിക്ഷാ കേരള, സ്കൂളുകളുടെ കുടിവെള്ള സൗകര്യം ഉറപ്പുവരുത്തുന്നതിനും ടോയ്‌ലെറ്റ് സൗകര്യങ്ങൾ കുട്ടികൾക്ക് ആനുപാതികമായി നിർമ്മിക്കുന്നതിനും സ്കൂളുകളുടെ ആവശ്യപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ